പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6577 — 1.11.2011 ൽ മറുപടിയ്ക്ക്

## മരുന്നു നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) മരുന്ന് നയത്തിന് രൂപം കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | (എ) മരുന്നിന്റെ നിർമ്മാണം, വിതരണം, വില്പന എന്നിവ നിയന്ത്രിക്കുന്നത് കേന്ദ്രആക്ടായ Drugs & Cosmetics Act & Rules, Drugs Prices Control Order എന്നിവയാണ് . കേന്ദ്ര മരുന്ന് നയം (2002) ആണ് സംസ്ഥാനത്ത് ബാധകമാക്കിയിട്ടുള്ളത്. സംസ്ഥാനത്തിന് ഒരു പ്രത്യേക മരുന്നു നയം നിലവിലില്ല. |
| (ബി) മരുന്നു കമ്പനികളുടെ പകൽക്കൊള്ള അവസാനിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) നിലവിലുള്ള ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിരുദ്ധമായി മരുന്ന് നിർമ്മിക്കുന്നതിനും വിൽക്കുന്നതിനും എതിരെ കർശനമായി നടപടികൾ സ്വീകരിക്കുകയും ഗുണനിലവാരമുള്ള മരുന്നുകൾ മാത്രമാണ് വിപണിയിൽ ലഭിക്കുന്നതെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. വില നിശ്ചയിച്ചിട്ടുള്ള മരുന്നുകൾക്ക് അധിക വില ഈടാക്കുന്ന കമ്പനികളുടെ ഉല്പന്നങ്ങളുടെ വില്പന നിർത്തി വയ്പ്പിച്ച് അനന്തര നടപടികൾക്കായി National Pharmaceutical Pricing Authority യെ അറിയിക്കുന്നുണ്ട്. മരുന്നുകൾ വില കുറച്ച് നീതി , മാവേലി , പേയിങ് കൌണ്ടറുകൾ വഴിയും സർക്കാർ ആശുപത്രികളിൽ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ വഴി നേരിട്ട് മരുന്നുകൾ സംഭരിച്ച് സൌജന്യമായും ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ